## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3067 — 13/10/2011 – ൽ മറുപടിയ്ക്ക്

### ശ്രീ.ബാലകൃഷ്ണപിള്ളയുടെ ചട്ടവിരുദ്ധമായ ഫോൺവിളി

ചോദ്യം — ഉത്തരം

ശ്രീ. സാജു പോൾ — ശ്രീ. ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി)

| | |
|---|---|
| (എ) തടവിൽ കഴിയുന്ന ശ്രീ. ആർ.ബാലകൃഷ്ണപിള്ള ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി മൊബൈൽ ഫോൺ വഴി പുറത്തുള്ളവരുമായി സംസാരിച്ചു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഇക്കാര്യത്തിൽ അന്വേഷണം നടത്തി. റിപ്പോർട്ടർ ചാനലിലെ പ്രതിനിധിയുമായി 29/09/2011 ന് 9447155555 എന്ന മൊബൈൽ ഫോണിൽ സംസാരിച്ചതായി വകുപ്പുതല അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. |
| (സി) തടവിൽ വച്ച് ശ്രീ.ആർ.ബാലകൃഷ്ണപിള്ള ഉപയോഗിച്ചതായി പറയപ്പെടുന്ന മൊബൈൽ ഫോൺ അന്വേഷണ ഉദ്യോഗസ്ഥരോ ബന്ധപ്പെട്ട അധികാരികളോ പിടിച്ചെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ; | (സി) പിടിച്ചെടുത്തിട്ടില്ല. ബാലകൃഷ്ണപിള്ള ഉപയോഗിച്ചതായി പറയപ്പെടുന്ന മൊബൈൽ ഫോൺ അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നില്ല. |

| | |
|---|---|
| (ഡി) ഉന്നയിക്കപ്പെട്ട കാര്യങ്ങളിൽ വ്യക്തത വരുത്താൻ ശ്രീ.ആർ. ബാലകൃഷ്ണപിള്ളയുടെ മൊബൈൽ ഫോൺ ( 9447155555) കസ്റ്റഡിയിലെടുത്ത് ശാസ്ത്രീയമായ രീതിയിൽ അന്വേഷണം നടത്തി വസ് തുത തെളിയിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഡി) 9447155555 നമ്പരിലുള്ള ഫോൺ അദ്ദേഹത്തിന്റെ കൈവശം സൂക്ഷിച്ചിട്ടില്ലാതിരുന്നതിനാൽ ആയത് കസ്റ്റഡിയിലെടുക്കാൻ ജയിൽ വകുപ്പിന് അധികാരമില്ല. |

സെക്ഷൻ ഓഫീസർ